പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2335 — 18.06.2014- ലെ മറുപടിക്ക്

## ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ചില ഭക്ഷണ കേന്ദ്രങ്ങളും, ഇറച്ചി വില്പന കേന്ദ്രങ്ങളും, ഭക്ഷ്യോൽപാദന കേന്ദ്രങ്ങളും ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തും മറ്റു നിയമ വിരുദ്ധ പ്രവൃത്തികളും നടത്തി മനുഷ്യനെ കൊല്ലുന്ന കേന്ദ്രങ്ങളായി മാറുന്നതായ പരാതി പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | എ) | നിശ്ചിത നിലവാരമില്ലാത്തതോ വൃത്തിഹീനമായ സാഹചര്യത്തിലോ അനുവദനീയമല്ലാത്ത നിറങ്ങൾ ഉപയോഗിച്ചും ഭക്ഷണം തയ്യാറാക്കുന്നതായി വിവിധ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. അത്തരം ഗുരുതരമായ നിയമലംഘനങ്ങൾ നടത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുകയോ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്. |
| ബി) | എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇവരുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ മൂലം മരണപ്പെട്ടവർ എത്ര; മറ്റു രോഗബാധിതരായവർ എത്ര; വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ മൂലം ഒരു മരണവും, 182 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുമുണ്ട്. |
| സി) | ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും രോഗബാധിതരായവരുടെ ചികിത്സയ്ക്കുമായി എന്തൊക്കെ സഹായങ്ങൾ നൽകി; വ്യക്തമാക്കുമോ; | സി) | മരണപ്പെട്ടതും ഗുരുതരമായ ഭക്ഷ്യവിഷബാധ മൂലം ചികിത്സ തേടിയവർക്കും ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ നിഷ്കർഷിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി മജിസ്ട്രേറ്റ് കോടതിയിൽ ഇതിനകം കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം ചികിത്സാ സഹായം നൽകുന്നതിന് വ്യവസ്ഥയില്ല. |
| ഡി) | ഇത്തരം സ്ഥാപനങ്ങൾ യഥാസമയം പരിശോധിച്ച് ഇവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും അനുസരിക്കാത്തവ പൂട്ടുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് ഈ സർക്കാർ | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 13,577 സ്ഥാപനങ്ങൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിക്കുകയും 207 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കുകയും 44,69,000 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ |

| | | | |
|---|---|---|---|
| | അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; അതിനായി സംസ്ഥാന വ്യാപകമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ എത്ര; നിയോഗിക്കപ്പെട്ടവർക്ക് പ്രസ്തുത പ്രവർത്തനം നടത്തുവാൻ കഴിഞ്ഞുവോ; വ്യക്തമാക്കുമോ; | | വന്നതിനുശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികകൾ ഉൾപ്പെടെ 155 ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികയും 14 അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി തസ്തികയും 3 അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (ഇന്റലിജൻസ്), രണ്ട് ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ തസ്തികയുമാണ് നിലവിലുള്ളത്. |
| ഇ) | ഇല്ലെങ്കിൽ അവശ്യം വേണ്ട ഉദ്യോഗസ്ഥരെ നിയമിക്കുവാനും അവശ്യം വേണ്ടുന്ന പരിശോധനാ ലാബുകൾ തുടങ്ങാനും, വകുപ്പിന് കീഴിലുള്ള അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പരിശോധന മേഖലകളിൽ നിന്നും മാറ്റി നിർത്താനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | ഇ) | ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന യോഗ്യതയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെ ഫുഡ് സേഫ്റ്റി ഓഫീസർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായി നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ഉടൻതന്നെ മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലാബുകളുടെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടി പുരോഗമിച്ചുവരികയാണ്. അഴിമതി നടത്തുന്നതായി പരാതി ലഭിക്കുന്ന ഉദ്യോഗസ്ഥരെ പരിശോധന മേഖലകളിൽ നിന്നും മാറ്റി നിർത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**